(14) പദ്ധതി അവലോകനം എല്ലാ മാസവും വിദ്യാഭ്യാസ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ സംസ്ഥാനതലത്തിൽ നടക്കുന്നതോടൊപ്പം സംസ്ഥാന പ്രോഗ്രാം ഓഫീസർമാർ നേരിട്ട് വിവിധ ജില്ലകളിലെ പ്രവർത്തനങ്ങൾ മോണിട്ടർ ചെയ്യുന്നുണ്ട്.

(ബി) 69,11,00,000 രൂപ (അറുപത്തി ഒമ്പത് കോടി പതിനൊന്നു ലക്ഷം രൂപ മാത്രം).

(സി) 14,92,77,000 രൂപ (പതിനാല് കോടി തൊണ്ണൂറ്റി രണ്ട് ലക്ഷത്തി എഴുപത്തി ഏഴായിരം രൂപ മാത്രം).

(ഡി) പ്രധാനമായും താഴെപ്പറയുന്ന കാര്യങ്ങൾക്കാണ് ഈ തുക വിനിയോഗിച്ചിട്ടുള്ളത്:

(1) സ്കൂളുകളിലെ അടിസ്ഥാന സൗകര്യം
(2) അദ്ധ്യാപക പരിശീലനം
(3) ബദൽ സ്കൂളുകളുടെ പ്രവർത്തനം
(4) പെൺകുട്ടികളുടെ വിദ്യാഭ്യാസം
(5) കമ്പ്യൂട്ടർ വിദ്യാഭ്യാസം

(ഇ) പൊതു വിദ്യാഭ്യാസ സെക്രട്ടറി പ്രസിഡന്റും, പൊതു വിദ്യാഭ്യാസ ഡയറക്ടർ വൈസ് പ്രസിഡന്റും സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ മെമ്പർ സെക്രട്ടറിയുമായുള്ള പ്രൈമറി ഡവലപ്മെന്റ് സൊസൈറ്റി (കേരള)-ക്കാണ് ഈ പദ്ധതിയുടെ നടത്തിപ്പ് ചുമതല.

(എഫ്) 991.

(ജി) 5 വർഷം സർവ്വീസുള്ള ഗവൺമെന്റ് സ്കൂൾ അദ്ധ്യാപകരെയും എയ്ഡഡ് സ്കൂളുകളിലെ പ്രൊട്ടക്റ്റഡ് അദ്ധ്യാപകരെയും നിയമിച്ചു വരുന്നു.

(എച്ച്) ഉണ്ട്.

(ഐ) ട്രെയിനർമാരുടെ നിയമനം വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിലാണ് ഇപ്പോൾ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്.

സ്വാശ്രയ മേഖലയിൽ പൂട്ടിയിടേണ്ടതായി വന്ന എഞ്ചിനീയറിംഗ് കോളേജുകൾ

*11 [131] ശ്രീ. പി. ജെ. ജോയി:
ശ്രീ. ജോർജ് ജെ. മാത്യു:
„ സി. പി. മുഹമ്മദ്:
„ വി. ബാലറാം:
പ്രൊഫ. സാവിത്രി ലക്ഷ്മണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വാശ്രയ മേഖലയിൽ അനുവദിച്ച ഏതെങ്കിലും എഞ്ചിനീയറിംഗ് കോളേജ് അടച്ചുപൂട്ടേണ്ടതായി വന്നിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം കോളേജുകൾ എന്ന് അറിയിക്കുമോ;

(സി) ഇവ പൂട്ടിയിടേണ്ടതായി വന്ന സാഹചര്യം എന്ത്;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സംസ്ഥാനത്തെ ഗവൺമെന്റ് എയ്ഡഡ് സ്വാശ്രയ മേഖലകളിലുള്ള എഞ്ചിനീയറിംഗ് കോളേജുകളിൽ ആകെ എത്ര സീറ്റുകൾ ഈ വർഷം ഒഴിവായി കിടപ്പുണ്ടെന്ന് വ്യക്തമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി):

(എ) സംസ്ഥാനത്ത് സ്വാശ്രയ മേഖലകളിൽ അനുവദിച്ച കോളേജുകളിൽ ഒരെണ്ണം അടച്ചുപൂട്ടേണ്ടതായി വന്നിട്ടുണ്ട്.

(ബി) കോട്ടയം ജില്ലയിൽ കോടിമതയിലുള്ള മാർഗ്രിഗോറിയസ് കോളേജ് ഓഫ് എഞ്ചിനീയറിംഗ് ആന്റ് ടെക്നോളജി എന്ന പേരിലുള്ള എഞ്ചിനീയറിംഗ് കോളേജ് അടച്ചു പൂട്ടിയിട്ടുണ്ട്.

(സി) മാർഗ്രിഗോറിയസ് കോളേജ് ഓഫ് എഞ്ചിനീയറിംഗ് ആന്റ് ടെക്നോളജി എന്ന സ്ഥാപനത്തിൽ അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്തതിനാലും, കോളേജിന് മഹാത്മാഗാന്ധി സർവ്വകലാശാലയുടെ അഫിലിയേഷൻ ലഭിക്കാത്തതിനാലുമാണ് അടച്ചുപൂട്ടേണ്ടിവന്നത്.

(ഡി) സംസ്ഥാനത്ത്, ഈ വർഷം ഗവൺമെന്റ്/എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളിൽ ആകെ 21 സീറ്റുകളും സ്വാശ്രയ മേഖലയിലെ എഞ്ചിനീയറിംഗ് കോളേജുകളിൽ ആകെ 1461 ഗവൺമെന്റ് സീറ്റുകളും ഒഴിഞ്ഞുകിടപ്പുണ്ട്.

മധുര-കോട്ടയം-ചേർത്തല ഈസ്റ്റ്-വെസ്റ്റ് കോറിഡോർ റോഡിന്റെ സ്ഥലമെടുപ്പ്

*12 [132] ശ്രീ. ഡി. സുഗതൻ:
„ കെ. പി. വിശ്വനാഥൻ:
„ വി. ഡി. സതീശൻ:
„ ടി. എൻ. പ്രതാപൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മധുര-കോട്ടയം-ചേർത്തല ഈസ്റ്റ്-വെസ്റ്റ് കോറിഡോർ റോഡിന്റെ അലൈൻമെന്റ് തീരുമാനിച്ചുവോ;

(ബി) അലൈൻമെന്റ് പ്രകാരം റോഡിന് കുറ്റിയടിച്ച് കഴിഞ്ഞുവോ;

(സി) എങ്കിൽ അതിനുള്ള സ്ഥലമെടുപ്പ് ആരംഭിച്ചുവോ;

(ഡി) ഇല്ലെങ്കിൽ അതിനുള്ള കാലതാമസത്തിന് കാരണമെന്ത്;

(ഇ) അതിന്റെ ഏതെങ്കിലും ഭാഗത്തെ സ്ഥലമെടുപ്പിനെതിരെ കോടതി സ്റ്റേ നൽകിയിട്ടുണ്ടോ;

(എഫ്) എങ്കിൽ സ്റ്റേ ഉടനടി വെക്കേറ്റു ചെയ്യുന്നതിന് നടപടി എടുക്കുമോ;

(ജി) പ്രസ്തുത റോഡിനുള്ള സ്ഥലമെടുപ്പിനെതിരെ സ്റ്റേ ഉത്തരവ് ഇല്ലാത്തപക്ഷം ദേശീയ ഹൈവേയുമായി ബന്ധപ്പെടുത്തുന്ന പ്രധാന റോഡ് എന്ന നിലയിൽ ഇതിന്റെ സ്ഥലമെടുപ്പ് കാലവിളംബമില്ലാതെ നടത്തുകയും പ്രസ്തുത റോഡിന്റെ പണി ത്വരിതപ്പെടുത്തുകയും ചെയ്യുമോ?

LIBRARY ARCHIVES Kerala Legislative Assembly